# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം



Web Edition Only

2007 മെയ് 22


# വർക്കിംഗ് കമ്മറ്റി പുനഃസംഘടിപ്പിച്ചു

**അൽമായവേദി ന്യൂസ് സർവീസ്**

പരുമല: മലങ്കരസഭയുടെ വർക്കിംഗ് കമ്മറ്റി പുനഃസംഘടിപ്പിച്ചു. സ്ഥാനന്യായേന ഉൾപ്പെടുന്നവരെ കൂടാതെ ഫാ. ഏലിയാസ് ചെറുകാട്, മാമ്മൻ വർഗീസ്, ഇ. ജേക്കബ് ജോൺ എന്നിവരെയാണ് പ. കാതോലിക്കാബാവാ നോമിനേറ്റ് ചെയ്തത്. മെയ് 21-ന് പരുമലയിൽ ചേർന്ന സ്ഥാനികളുടെ യോഗമാണ് ഈ തീരുമാനമെടുത്തത്.

നാടകീയമായ സംഭവ പരമ്പരകളുടെ പരിസമാപ്തിയായാണ് പുനഃസംഘടന പ്രഖ്യാപിച്ചത്. മലങ്കരസഭാ ഭരണഘടനയുടെ 87-ാം വകുപ്പുപ്രകാരം വിളിച്ചുചേർത്ത യോഗമാണ് ഈ തീരുമാനം എടുത്തത്.

പ. കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെമിനാരി വൈസ് പ്രിൻസിപ്പാൾ ഫാ. ഡോ. ജേക്കബ് കുര്യനു പകരം ഫാ. ഡോ. എം. ഒ. ജോണിനെ നിയമിക്കണമെന്ന് പുതിയ സെക്രട്ടറി അതിശക്തമായി വാദിച്ചു. വൈദികട്രസ്റ്റി തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട ഫാ. ഡോ. ഒ. തോമസിനെ നിയമിക്കണമെന്ന് വർക്കിംഗ് കമ്മറ്റിയിലെ സുന്നഹദോസ് പ്രതിനിധിയായ ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായും വാദിച്ചു. തുടർന്ന് സ്ഥാനമൊഴിയാൻ സന്നദ്ധത പ്രകടിപ്പിച്ച വർക്കിംഗ് കമ്മറ്റിയിലെ വടക്കൻ ഭദ്രാസനങ്ങളുടെ പ്രതിനിധി ജോൺ സഖറിയായുടെ അഭിപ്രായം കൂടി പരിഗണിച്ച് കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽ നിന്നുള്ള ഫാ. ഏലിയാസ് ചെറുകാടിനെ പ. പിതാവിന്റെ ഉപദേശകസമിതിയിലേക്ക് നിയമിക്കുവാൻ തീരുമാനമായി.

ഇതിനെത്തുടർന്ന് കോട്ടയം ഭാഗത്തെ പ്രതിനിധീകരിച്ച് മാമ്മൻ വറുഗീസ് (മനോരമ) തെക്കൻ ഭദ്രാസനങ്ങളുടെ പ്രതിനിധിയായി പ്രൊഫ. ഇ. ജേക്കബ് ജോൺ എന്നിവരെയും നിയമിച്ചു. ഇവരെ കൂടാതെ സ്ഥാനന്യായേന, രണ്ട് കൂട്ടുട്രസ്റ്റിമാർ, അസോസിയേഷൻ സെക്രട്ടറി, മുൻ സെക്രട്ടറി, എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രതിനിധി എന്നിവരും ആലോചനാസമിതിയിലെ അംഗങ്ങളാണ്.

നേരത്തെ ഏകപക്ഷീയമായി വർക്കിംഗ് കമ്മറ്റി പുനഃസംഘടിപ്പിക്കുവാൻ പുതിയ സെക്രട്ടറിയും പ. പിതാവിന്റെ സെക്രട്ടറിയും ചേർന്ന് ഒരു ലിസ്റ്റ് തയാറാക്കിയിരുന്നു. എന്നാൽ ഈ നീക്കം ഭരണഘടനാ ലംഘനമാണെന്ന കാരണത്താൽ കൂട്ടുട്രസ്റ്റിമാർ ശക്തിയുക്തം എതിർത്തു. തുടർന്നാണ് 87-ാം വകുപ്പു പ്രകാരമുള്ള യോഗം വിളിച്ചു കൂട്ടിയത്.

ആദ്യമുണ്ടാക്കിയ ലിസ്റ്റിന് പ. ബാവാ തിരുമനസ്സിലെ അംഗീകാരമില്ലായിരുന്നെന്നും തന്ത്രപൂർവ്വം ഒപ്പിട്ടു വാങ്ങാൻ ശ്രമിച്ചതാണെന്നും ആരോപണമുണ്ട്.

വർക്കിംഗ് കമ്മറ്റിയിലെ സഭാസ്നേഹികളായ അംഗങ്ങളെ പുറത്താക്കാൻ നീക്കമുണ്ടെന്ന് *അൽമായവേദി* നേരത്തെ റിപ്പോർട്ടു ചെയ്തിരുന്നു. വിഭജനവാദികളുടെയും, ചുമന്ന കുപ്പായ മോഹികളുടെയും രഹസ്യ അജൻഡയാണ് കമ്മറ്റി പുനഃസംഘടനയെന്ന് ശക്തമായ ആരോപണം ഉയർന്നിട്ടുണ്ട്. എന്നാൽ പുതുതായി നിയമിതിരായ അംഗങ്ങൾ ഈ രണ്ടു കൂട്ടരെയും പിൻതുണയ്ക്കുകയില്ലെന്നും അതിനാൽ രഹസ്യ അജൻഡ നടപ്പാകുകയില്ലെന്നും റിപ്പോർട്ടു ചെയ്യപ്പെടുന്നു.

ഏകപക്ഷീയമായി വർക്കിംഗ് കമ്മറ്റി പുനഃസംഘടിപ്പിക്കുന്നതിനും വടക്കൻ ഇടവകകളെ അന്യവൽക്കരിക്കാൻ ശ്രമിക്കുന്നതിനുമെതിരെ തെക്കൻ ഇടവകകളിലെ ഭൂരിപക്ഷം മെത്രാപ്പോലിത്താമാരും, സഭയിലെ പ്രമുഖരായ വ്യക്തികളും രംഗത്തു വന്നിരുന്നു. ഇത് പുനഃസംഘടനയ്ക്കു ചുക്കാൻ പിടിച്ച കുപ്പായ കോക്കസിനെ ഞെട്ടിച്ചിരുന്നു.

ദുർബലമായ ഒരു വർക്കിംഗ് കമ്മറ്റി സൃഷ്ടിച്ചെടുക്കാനും അങ്ങനെ അധികാരം തങ്ങളുടെ കൈപ്പിടിയിലൊതുക്കാനും ശ്രമിച്ച കുപ്പായ കോക്കസിനു കനത്ത തിരിച്ചടിയാണ് പുതിയ വർക്കിംഗ് കമ്മറ്റി രൂപീകരണത്തിലൂടെ ലഭിച്ചിരിക്കുന്നത്. ഈ കോക്കസിനു പിന്തുണ നൽകുന്ന വിഭജനവാദികളും ഇതോടെ മാളത്തിലേക്ക് വലിയാൻ നിർബന്ധിതരായി.

അടുത്ത മെത്രാൻ തെരഞ്ഞെടുപ്പിൽ ചുമന്ന കുപ്പായം ഉറപ്പാക്കാൻ ശ്രമിച്ച രണ്ടു സ്ഥാനമോഹികളും പുതിയ വർക്കിംഗ് കമ്മറ്റി രൂപീകരണത്തോടെ പരിഭ്രാന്തിയിലായതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇവരാണ് ഈ നാടകത്തിനു സൂത്രധാരകത്വം വഹിച്ചത്. എന്നാൽ കൂട്ടുട്രസ്റ്റിമാർ കർശന നിലപാടെടുക്കുകയും പ. പിതാവ് അവരെ അനുകൂലിക്കുകയും ചെയ്തതോടെ തങ്ങളുടെ ഭാവി അപകടത്തിലായ പരിഭ്രാന്തിയിലാണവർ.

# MALANKARA ORTHODOX TV

**(An Online TV Channel)**

www.malankaraorthodox.tv


**Malankara Orthodox Communications**
**Spohia Books, IInd floor, Kandathil Building**
**Temple Road, Kottayam-686 001**
**Ph: 0481 3255054, Mob: 99471 20697**


പ്രിയപ്പെട്ട സുഹൃത്തുക്കളേ,

മലങ്കര ഓർത്തഡോക്സ് സഭയുടെ ആഭിമുഖ്യത്തിൽ ഒരു റ്റി. വി. ചാനൽ എന്നത് സഭാംഗങ്ങളിൽ പലരുടെയും സ്വപ്നമാണ്. അതിനെക്കുറിച്ചുള്ള ചർച്ചകൾ ഓൺലൈൻ ഇ മെയിൽ ഗ്രൂപ്പുകളിലും മറ്റും പലപ്പോഴും നടന്നുവെങ്കിലും ഇതുവരെ സഭാനേതൃത്വമോ മറ്റാരെങ്കിലുമോ അതിനെക്കുറിച്ച് ചിന്തിച്ചു തുടങ്ങിയിട്ടുണ്ടെന്ന് തോന്നുന്നില്ല. മലങ്കര ഓർത്തഡോക്സ് സഭയുടെ പബ്ലിക് റിലേഷൻസ് വിഭാഗം പൂർണ പരാജയമടഞ്ഞിരിക്കുന്ന ഈ സാഹചര്യത്തിൽ സഭയുടെ വാർത്തകളും നിലപാടുകളും ഓൺലൈനിലൂടെ ലോകമെമ്പാടുമെത്തിക്കുവാൻ പല പരിശ്രമങ്ങളും ചെയ്തുകൊണ്ടിരിക്കെയാണ് ഒരു ഓൺലൈൻ റ്റി. വി. ചാനൽ എന്ന ആശയം ഞങ്ങളുടെ മനസ്സിൽ ഉണ്ടായത്. orthodox tv എന്ന ഓൺലൈൻ റ്റി. വി. ചാനലിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് എളിയ രീതിയിൽ ഒരു ഓൺലൈൻ റ്റി. വി. ചാനൽ മലങ്കര ഓർത്തഡോക്സ് റ്റി. വി. എന്ന പേരിൽ ഉടൻതന്നെ ആരംഭിക്കുകയും ചെയ്തു.

www.malankaraorthodox.tv എന്ന വെബ്സൈറ്റിലൂടെയാണ് ഈ ചാനൽ ലഭ്യമാകുന്നത്. ഈ ഓൺലൈൻ ചാനലിന്റെ ട്രയൽ റൺ സഭാദിനത്തിൽ ആരംഭിച്ചുവെങ്കിലും ഔപചാരികമായ ഉദ്ഘാടനം ഇതുവരെ നടത്തിയിട്ടില്ല. സഭാകേസിൽ ഏപ്രിൽ 4-നുണ്ടായ സുപ്രീംകോടതി വിധിയുടെ വിവരങ്ങൾ ഉടൻതന്നെ ലോകമെമ്പാടുമെത്തിക്കുവാൻ ഈ ചാനലിനു സാധിച്ചു. ഈ സംരംഭത്തിന്റെ പ്രാരംഭ ചെലവുകൾക്കായി ഏകദേശം രണ്ടു ലക്ഷം രൂപയോളം ഉണ്ടാകേണ്ടിയിരിക്കുന്നു. സാങ്കേതികമായ ചില തടസ്സങ്ങളെ അതിജീവിക്കുവാനുള്ള അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അത് വിജയകരമായാൽ സഭയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രധാന പരിപാടികളും സഭാപിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളുകളും പ്രമുഖ പള്ളികളിലെ പെരുനാളുകളും മറ്റും തത്സമയം ഈ ചാനലിൽ ലഭ്യമാകും.

സഭാസംബന്ധമായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള എല്ലാ ഓഡിയോ വീഡിയോ ഡോക്യുമെന്ററികളും സി. ഡി. കളും കാസറ്റുകളും ചാനലിൽ ലഭ്യമാക്കുവാനുള്ള പരിശ്രമവും നടക്കുന്നുണ്ട്. പ്രതിവാര പ്രഭാഷണങ്ങളും ധ്യാനങ്ങളും സഭയിലെ വിവിധ ശുശ്രൂഷകളുടെ മുന്നോടിയായി അൽമായക്കാർ നടത്തേണ്ട ഒരുക്കങ്ങളെക്കുറിച്ചുള്ള അറിവുകളുമെല്ലാം ചാനലിൽ ലഭ്യമാക്കുവാൻ ആഗ്രഹിക്കുന്നു.

സഭാചരിത്രകാരനും ദൃശ്യമാധ്യമ വിദഗ്ധനും ഇരുനൂറിലേറെ ഡോക്യുമെന്ററികൾ സംവിധാനം ചെയ്ത് കേരളത്തിലെ വിവിധ റ്റി. വി. ചാനലുകളിലൂടെ സംപ്രേഷണം ചെയ്തിട്ടുള്ള വ്യക്തിയുമായ എം. കുര്യൻ തോമസ്, സാഹിത്യകാരനും പ്രഭാഷകനും പത്രപ്രവർത്തകനുമായ ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഗ്രിഗോറിയൻ സ്റ്റഡി സർക്കിൾ എന്ന ഓൺലൈൻ ഇ മെയിൽ ഗ്രൂപ്പിന്റെ മോഡറേറ്ററായ ജോൺ കുന്നത്ത്, സഭാചരിത്ര ഗവേഷകനായ വർഗീസ് ജോൺ തോട്ടപ്പുഴ, വിപിൻ കെ. വറുഗീസ്, മാനേജ്മെന്റ് വിദഗ്ധനായ തോമസ് ചാണ്ടി, പത്രപ്രവർത്തകനായ ലെജു പി. തോമസ്, സാഹിത്യകാരനായ പ്രീത് ചന്ദനപ്പള്ളി തുടങ്ങിയ പല പ്രമുഖരുടേയും സേവനം ഈ ചാനലിന് ലഭിക്കും.

ഈ സംരംഭത്തിന്റെ വിജയകരമായ നടത്തിപ്പിന് താങ്കളുടെ പ്രാർത്ഥനയും സാമ്പത്തിക സഹായവും ഞങ്ങൾ പ്രതീക്ഷിക്കുന്നു. പരസ്യമോ നിങ്ങൾക്കിഷ്ടമുള്ള ഒരു സംഭാവനയോ നൽകി ഈ സംരംഭത്തെ പ്രോത്സാഹിപ്പിക്കണമെന്ന് താല്പര്യപ്പെടുന്നു. നിങ്ങളുടെ സംഭാവനകൾ Malankara Orthodox Communications എന്ന പേരിൽ ചെക്കായോ ഡ്രാഫ്റ്റായോ അയയ്ക്കുക.

സഹകരണ പ്രതീക്ഷകളോടെ

സ്നേഹപൂർവ്വം

**ജോയ്സ് തോട്ടയ്ക്കാടും കൂട്ടുകാരും**

കോട്ടയം

25-4-2007


**Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi**
**(Reg. No. K 713/2005), PB No. 652, II nd Floor, Kandathil Building, Temple Road, Kottayam - 686 001 Editor: Joice Thottackad**